പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :3339

19.06.2019-ൽ
മറുപടിയ്ക്ക്

## റാന്നിയിലെ അപ്ലൈഡ് സയൻസ് കോളേജ്

*ചോദ്യം*
ശ്രീ.രാജു എബ്രഹാം

*ഉത്തരം*
ഡോ.കെ.ടി. ജലീൽ
ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ്
ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി

| | |
|---|---|
| (എ) റാന്നി മണ്ഡലത്തിലെ അയിരൂരിൽ ആരംഭിച്ച അപ്ലൈഡ് സയൻസ് കോളേജിന് എന്നാണ് അനുമതി നൽകിയതെന്നും എന്തെല്ലാം കോഴ്സുകളാണ് ഇവിടെ അനുവദിച്ചിരിക്കുന്നതെന്നും വ്യക്തമാക്കുമോ; | (എ) 17/07/2013-ലെ ഗവൺമെന്റ് ഓർഡർ നമ്പർ GO (Ms) No. 505/2013/HEdn പ്രകാരം ഐ.എച്ച്.ആർ.ഡി. യുടെ കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അയിരൂരിൽ പ്രവർത്തിച്ചിരുന്ന ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ, അയിരൂരിനെ കോളേജ് ഓഫ് അപ്ലൈഡ് സയൻസായി അപ്ഗ്രേഡ് ചെയ്തിരുന്നു.<br>ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് - 30 സീറ്റ്, ബി.എ. ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ മോഡൽ - 2 (വൊക്കേഷണൽ – ജേണലിസം) - 40 സീറ്റ്, ബി.സി.എ. - 30 സീറ്റ് എന്നീ കോഴ്സുകൾ പ്രസ്തുത കോളേജിന് അനുവദിച്ചിട്ടുണ്ട്. |
| (ബി) എം.എൽ.എ. ഫണ്ടിൽ നിന്നും ഒരു കോടി രൂപ മുടക്കി കോളേജിനായി പുതിയ കെട്ടിടം നിർമ്മിച്ചിട്ടും കോഴ്സുകൾ ആരംഭിക്കുവാൻ കഴിയാത്തതിനുള്ള കാരണം വ്യക്തമാക്കാമോ? | (ബി) 2016-17 ൽ എം.ജി. യൂണിവേഴ്സിറ്റി ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധന സമയത്ത് കെട്ടിടത്തിന്റെയും മറ്റ് അനുബന്ധ സൗകര്യങ്ങളുടെയും അഭാവത്തിൽ പ്രസ്തുത കോളേജിന്റെ |

| | |
|---|---|
| | താത്കാലിക അഫിലിയേഷൻ റദ്ദാക്കിയിരുന്നു. പോരായ്മകൾ പരിഹരിച്ച് സ്ഥാപനത്തിന്റെ അഫിലിയേഷൻ പുനഃസ്ഥാപിച്ച് കിട്ടുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ, G.O.(Ms)No. 505/2013/H.Edn പ്രകാരം നിലവിൽ അപേക്ഷിച്ചിരുന്ന ബി.എ. ഇംഗ്ലീഷ് ലാഗ്വേജ് ആന്റ് ലിറ്ററേച്ചർ മോഡൽ - 2 (വൊക്കേഷണൽ — ജേണലിസം), ബി.സി.എ., എന്നീ കോഴ്സുകൾക്ക് പകരം ബി.കോം മോഡൽ 3 കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.എസ്.സി ഫിസിക്സ് മോഡൽ 2 കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ കോഴ്സുകൾ യൂണിവേഴ്സിറ്റിയുടേയും ഗവൺമെന്റിന്റേയും അനുമതിയ്ക്കു വിധേയമായി ആരംഭിക്കുവാൻ മഹാത്മാഗാന്ധി സർവ്വകലാശാല രജിസ്ട്രാർക്ക് ഐ.എച്ച്.ആർ.ഡി ഡയറക്ടർ പുതുക്കിയ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ